## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3978 | 27.06.2012-ൽ മറുപടിക്ക്

**വൈക്കം നിയോജക മണ്ഡലത്തിലെ ആയുർവ്വേദ-ഹോമിയോ ആശുപത്രികളിൽ എൻ.ആർ.എച്ച്.എം വഴി താല്കാലിക ജീവനക്കാരുടെ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അജിത് : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | വൈക്കം നിയോജക മണ്ഡലത്തിലെ ആയുർവ്വേദ-ഹോമിയോ ആശുപത്രികളിൽ എൻ.ആർ.എച്ച്.എം വഴി എത്ര താല്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് പറയാമോ ; | (എ) | 4 ഹോമിയോ ഡോക്ടർമാരെയും 2 ആയുർവ്വേദ ഡോക്ടർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇങ്ങനെ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് നിലവിൽ എത്ര രൂപ വീതമാണ് വേതനം നൽകി വരുന്നത് ; | (ബി) | ആയുർവ്വേദ-ഹോമിയോ ഡോക്ടർമാരുടെ ശമ്പളം 20740 രൂപയാണ്. |
| (സി) | ഇവർക്ക് നൽകുന്നതിനുള്ള വേതനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | ഈ വർഷത്തെ എൻ.ആർ.എച്ച്.എം PIP (Programme Implementation Plan)-ൽ ഇവർക്ക് നിശ്ചിത തുക ആയ 20740 രൂപ നൽകുന്നതിനുള്ള അംഗീകാരമാണ് ഭാരത സർക്കാർ നൽകിയിട്ടുള്ളത്. കൂടുതൽ തുക നൽകണമെങ്കിൽ ഭാരത സർക്കാരിന്റെ അനുവാദം ആവശ്യമാണ്. |
| (ഡി) | എൻ.ആർ.എച്ച്.എം വഴി നിയമിച്ചിട്ടുള്ള നിശ്ചിത വർഷം പൂർത്തിയായ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ? | (ഡി) | എൻ.ആർ.എച്ച്.എം കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ്. പ്രസ്തുത പദ്ധതി 2017 വരെ മാത്രമേ നിലവിലുള്ളൂ. മേൽ സാഹചര്യത്തിൽ എൻ.ആർ.എച്ച്.എം വഴിയുള്ള നിയമനങ്ങളൊന്നും സ്ഥിരപ്പെടുത്തുന്നതല്ല. |

സെക്ഷൻ ഓഫീസർ